# പതിനഞ്ചാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

2024 ജൂലൈ 2, ചൊവ്വ

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി**

**വനം-വന്യജീവി വകുപ്പ് മന്ത്രി**

**ജലവിഭവ വകുപ്പ് മന്ത്രി**

**മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി**

**മുതലപ്പൊഴി അഴിമുഖത്തുണ്ടാകുന്ന അപകടങ്ങൾക്ക് ശാശ്വത പരിഹാരം**

*361 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി അഴിമുഖത്ത് മത്സ്യബന്ധനവള്ളം മറിഞ്ഞ് അഞ്ചുതെങ്ങ് സ്വദേശി മരിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ഹാർബർ നിർമ്മാണത്തിലെ അപാകതകൾ കാരണം അഴിമുഖത്തുണ്ടാകുന്ന ശക്തമായ തിരയിൽപ്പെട്ട് വള്ളം തലകീഴായി മറിയുന്ന സാഹചര്യമുണ്ടാകുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

**തീരസംരക്ഷണം**

*362 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തീരപ്രദേശത്തിന്റെ അറുപത്തി മൂന്ന ശതമാനവും കടലാക്രമണ ഭീഷണി നേരിടുന്നതായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കടലാക്രമണം തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ഫലപ്രദമാകാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) തീരശോഷണത്തിന് ആനുപാതികമായി തീരത്തിന്റെ പുനഃസ്ഥാപനം നടത്താൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ജലവിഭവ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ തീരസംരക്ഷണത്തിന് പ്രായോഗികവും സുസ്ഥിരവുമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## പട്ടികജാതിക്കാരുടെ ക്ഷേമത്തിനായുള്ള പൂൾഡ് ഫണ്ട്

*363 **ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവ മുഖേന പ്രത്യേക പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനുള്ള പൂൾഡ് ഫണ്ടിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

(ബി) പൂൾഡ് ഫണ്ടിൽ ഉൾപ്പെടുത്തി വിവിധ വകുപ്പുകളും ഏജൻസികളും തയ്യാറാക്കി നൽകിയ പ്രോജക്ടുകളിൽ ഇനി എത്ര എണ്ണത്തിന് അംഗീകാരം നൽകാനുണ്ടെന്ന് അറിയിക്കുമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം പൂൾഡ് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിലെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## പട്ടികജാതി വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിന് പ്രത്യേക പദ്ധതി

*364 **ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു തുണ്ട് ഭൂമിയും സുരക്ഷിതമായ വീടും എന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് വേണ്ടി നടപ്പിലാക്കിയ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനുള്ള ആനുകൂല്യം ലഭിച്ചവരും എന്നാൽ വിവിധ കാരണങ്ങളാൽ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തവരുമായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വീട് പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) ഭവനരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിന് വേണ്ടി അനുവദിച്ചിട്ടുള്ള തുക ഉപയോഗിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ

ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) ലൈഫ് പദ്ധതിയിൽ ഉൾപ്പെടാത്ത പട്ടികജാതി വിഭാഗത്തിലെ ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് പ്രത്യേക പദ്ധതി തയ്യാറാക്കുമോ; വിശദാംശം നല്കുമോ?

**<u>ജല സംരക്ഷണ പ്രവർത്തനങ്ങൾ</u>**

*365 **ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ ഡി കെ മുരളി**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴയുടെ ലഭ്യതയിൽ വന്നിട്ടുള്ള വ്യതിയാനവും മഴക്കാലം കഴിഞ്ഞ് അധികകാലം കഴിയുന്നതിന് മുൻപ് തന്നെ ചില പ്രദേശങ്ങളിൽ വരൾച്ച അനുഭവപ്പെടുന്ന സാഹചര്യവും കണക്കിലെടുത്ത് മഴക്കാലത്ത് ലഭ്യമാകുന്ന ജലം പരമാവധി സംഭരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കാലാവസ്ഥാ വ്യതിയാനം മൂലം കടുത്ത ജല ദൗർലഭ്യം അഭിമുഖീകരിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി എന്തെല്ലാം ജല സംരക്ഷണ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ജല ദുരുപയോഗവും ജല മലിനീകരണവും തടയുന്നതിനുതകുംവിധം ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

**<u>കടലിൽ മത്സ്യസമ്പത്ത് കുറയാനുണ്ടായ സാഹചര്യം</u>**

*366 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നതുമൂലം കടൽ വെള്ളത്തിലുണ്ടാകുന്ന മാറ്റങ്ങൾ മത്സ്യസമ്പത്ത് കുറയാൻ കാരണമാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഷയം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

**<u>മത്സ്യദൗർലഭ്യം കാരണമുണ്ടായ വിലവർദ്ധനവ് പരിഹരിക്കുന്നതിന് നടപടി</u>**

*367 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. റോജി എം. ജോൺ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥ വ്യതിയാനം മത്സ്യസമ്പത്തിനെ എപ്രകാരം ബാധിച്ചുവെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് സുലഭമായി ലഭിക്കുന്ന മത്തി അടക്കമുള്ള മത്സ്യങ്ങളുടെ ദൗർലഭ്യം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ;

(സി) മത്സ്യങ്ങളുടെ ദൗർലഭ്യം മൂലം മത്സ്യങ്ങളുടെ വിലയിൽ വന്ന വർദ്ധനവ് മത്സ്യത്തൊഴിലാളി സമൂഹത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

**<u>അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി</u>**

*368 **ശ്രീ. എം.വിജിൻ**
**ശ്രീ. പി. നന്ദകുമാർ**
**ശ്രീമതി ദെലീമ**
**ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി മേഖലയിലെ എത്ര കുടുംബങ്ങളാണ് അതിദാരിദ്ര്യം അനുഭവിക്കുന്നതെന്ന് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രകാരം കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇത്തരത്തിലുള്ളവരിൽ എത്ര പേരുടെ വിവിധങ്ങളായ പ്രശ്നങ്ങൾ നാളിതുവരെ പരിഹരിക്കപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) പതിനാലാം സുസ്ഥിര വികസന ലക്ഷ്യ പ്രകാരം വിശപ്പ് രഹിത ജനത എന്നത് സാക്ഷാത്കരിക്കുന്നതിന് മത്സ്യമേഖലയിൽ ഏറ്റെടുത്ത് നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് വിശദമാക്കുമോ?

**<u>മുതലപ്പൊഴി മാസ്റ്റർ പ്ലാനിന്റെ പുരോഗതി</u>**

*369 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലപ്പൊഴി മാസ്റ്റർ പ്ലാനിനുവേണ്ടി വകയിരുത്തിയിരുന്ന തുക പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) മുതലപ്പൊഴി മാസ്റ്റർ പ്ലാനിന്റെ പുരോഗതി വിശദമാക്കാമോ?

**<u>പട്ടികവർഗ്ഗ വിഭാഗത്തിലെ ഭിന്നശേഷിക്കാരുടെ ഉന്നമനം</u>**

*370 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. മുരളി പെരുനെല്ലി**
**ശ്രീ വി ജോയി**

**ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിലെ ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഈ വിഭാഗത്തിൽപ്പെട്ടവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി നടപ്പാക്കിയ കാറ്റാടി പദ്ധതി വഴി ഈ സർക്കാരിന്റെ കാലത്ത് എത്ര ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## <u>ഫിഷറീസ് നയം നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി</u>

*371 **ശ്രീ. പി. ബാലചന്ദ്രൻ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ അവകാശ സംരക്ഷണത്തിനും മത്സ്യ ലഭ്യതയുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും സഹായിക്കുന്ന ഫിഷറീസ് നയം സംസ്ഥാനത്താകമാനം നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) മത്സ്യബന്ധനത്തിലൂടെ ലഭിക്കുന്ന മത്സ്യങ്ങളുടെ ചൂഷണരഹിതമായ വ്യാപാരം ഉറപ്പാക്കാൻ വേണ്ടി നിർമ്മിച്ച നിയമവും ചട്ടങ്ങളും പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് കാലതാമസം നേരിടുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഫിഷറീസ് നയം നടപ്പിലാക്കുന്നതിനു മുമ്പായി വിവിധ വിഭാഗം മത്സ്യത്തൊഴിലാളി പ്രതിനിധികളുമായി കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത നയം നടപ്പിലാക്കുമ്പോൾ മത്സ്യ വ്യാപാരികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>പങ്കാളിത്ത വന പരിപാലനം</u>

*372 **ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. എം. എം. മണി**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന പരിപാലനത്തിനും വനാരോഗ്യം കാത്തുസൂക്ഷിക്കുന്നതിനും വനം വകുപ്പ് സ്വീകരിച്ച് വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ശോഷണം സംഭവിച്ച വനങ്ങളുടെ പുനരുജ്ജീവനത്തിനും ജൈവ സംരക്ഷണത്തിനുമായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ വനങ്ങളുടെ സംരക്ഷണത്തിനും പരിപാലനത്തിനും കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായം ഉപയോഗിച്ച് പങ്കാളിത്ത വന പരിപാലനത്തിന് കീഴിൽ ജനപങ്കാളിത്തത്തോടെ ഏതൊക്കെ പദ്ധതികൾ നടപ്പിലാക്കിവരുന്നുവെന്ന് വ്യക്തമാക്കാമോ?

**വനശ്രീ വിഭവങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും ഓൺലൈൻ വിപണനം**

*373 **ശ്രീ. പി. വി. അൻവർ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. എ. രാജ**
**ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാശ്രിത സമൂഹത്തിന്റെ ഉന്നമനം ലക്ഷ്യമിട്ട് വന ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ആരംഭിച്ച വനശ്രീ കേന്ദ്രങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വഴി വനാശ്രിത സമൂഹത്തിന്റെ ഉപജീവന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്താനായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വനശ്രീ വിഭവങ്ങളുടെയും ഉൽപ്പന്നങ്ങളുടെയും ഓൺലൈൻ വിപണനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി മുഖേന എത്ര പേർക്ക് തൊഴിൽ നൽകുന്നതിന് സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

**മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനം വർധിപ്പിക്കുന്നതിനും നൽകിവരുന്ന ആനുകൂല്യങ്ങൾ**

*374 **ശ്രീമതി ഉമ തോമസ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും മത്സ്യവിത്ത് ഉല്പാദിപ്പിക്കുന്നതിനും പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പുഴകളിലും തോടുകളിലും ഫാക്ടറി മാലിന്യമടക്കം നിക്ഷേപിക്കുന്നത് മത്സ്യകൃഷിയെ എപ്രകാരം ബാധിക്കുന്നു എന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനം വർധിപ്പിക്കുന്നതിനും നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം; വിശദമാക്കാമോ?

**മത്സ്യസമ്പത്തിനെക്കുറിച്ച് ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനം**

*375 **ശ്രീ. അൻവർ സാദത്ത്**

**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**

**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ ഉണ്ടാകുന്ന എൽ നിനോ-ലാനിനാ പ്രതിഭാസങ്ങൾ സംസ്ഥാനത്തെ മത്സ്യസമ്പത്തിനെ എപ്രകാരമാണ് ബാധിക്കുന്നത് എന്ന് ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പഠനങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**<u>കേരള നാടൻകലാ അക്കാദമിയുടെ പ്രവർത്തനങ്ങൾ</u>**

*376 **ശ്രീമതി ദെലീമ**

**ശ്രീ വി കെ പ്രശാന്ത്**

**ശ്രീ. പി.വി. ശ്രീനിജിൻ**

**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നാടൻകലാ (ഫോക് ലോർ) അക്കാദമിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അക്കാദമിയെ നാടൻ കലകളുടെ ഗവേഷണത്തിനുള്ള ഒരു കേന്ദ്രമായി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നാടൻ കലകളുടെ സംരക്ഷണത്തിനായി ഡിജിറ്റൽ ഡോക്യുമെന്റേഷൻ ഉൾപ്പെടെയുള്ളവ ചെയ്യാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;?

**<u>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗ ഉദ്യോഗാർത്ഥികൾക്ക് പരിശീലനം</u>**

*377 **ശ്രീ. എൻ. ഷംസുദ്ദീൻ**

**ശ്രീ. പി. അബ്ദുൽ ഹമീദ്**

**ശ്രീ. ടി. വി. ഇബ്രാഹിം**

**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉൾപ്പെടെയുള്ള വിവിധ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പരിശീലനത്തിനായി തിരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ ഈ തുക വർദ്ധിപ്പിച്ച് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പരിശീലനം നൽകുന്നതിനായി കൂടുതൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

**പുതുക്കിയ വനനിയമം നടപ്പാക്കുമ്പോഴുണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ**

*378 **ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1980-ലെ വനസംരക്ഷണ നിയമത്തെ അട്ടിമറിക്കുന്ന തരത്തിലുള്ള പുതുക്കിയ വന നിയമം നടപ്പിലാക്കാൻ കേന്ദ്രസർക്കാർ ശ്രമിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വികസന പ്രവർത്തനങ്ങൾക്ക് വനഭൂമി വിട്ടുനൽകുമ്പോൾ അത്രയും ഭൂമി വനമേഖലയ്ക്ക് പുറത്ത് കണ്ടെത്തി പരിഹാര വനവൽക്കരണം നടത്തണമെന്നുള്ള വ്യവസ്ഥ ഒഴിവാക്കുന്നതുമൂലം കേരളത്തിലെ വനമേഖല ക്ഷയിക്കുന്നതിനും പാരിസ്ഥിതിക ആഘാതങ്ങൾ വർദ്ധിക്കുന്നതിനും ഇടയാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പരിഹാര വനവൽക്കരണത്തിന് പകരമായി ഗ്രീൻ ക്രെഡിറ്റ് സമ്പ്രദായം നിലവിൽ വരുമ്പോൾ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ഇഷ്ടാനുസരണം വനനശീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സഹായിക്കുമെന്ന വസ്തുത കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കേന്ദ്രസർക്കാരിന്റെ പുതുക്കിയ വന നിയമം വലിയ ദുരന്തങ്ങൾ ഉണ്ടാക്കുമെന്ന സാഹചര്യത്തിൽ വിഷയം സുപ്രീംകോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ**

*379 **ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അവകാശങ്ങളും പാരമ്പര്യ അറിവുകളും സംസ്കാരവും സംരക്ഷിച്ചുകൊണ്ട് സാമൂഹിക സമത്വവും സുരക്ഷയും സാമ്പത്തിക വികസനവും വിദ്യാഭ്യാസ ഉന്നമനവും ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) വിദ്യാഭ്യാസ രംഗത്ത് രാജ്യത്തിന് തന്നെ മാതൃകയാക്കാവുന്ന എന്തൊക്കെ ക്രിയാത്മകമായ പദ്ധതികളാണ് പട്ടികവർഗ്ഗ മേഖലയിൽ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ആദിവാസി വിഭാഗങ്ങൾക്കിടയിൽ വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം, പോഷകാഹാരം എന്നിവയെക്കുറിച്ച് മികച്ച അവബോധം സൃഷ്ടിക്കുവാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## **തീരോന്നതി പദ്ധതി**

*380 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരോന്നതി പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പദ്ധതിയുടെ ഭാഗമായി തീരദേശ മേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നതെന്ന് വിശദമാക്കാമോ;

(സി) മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളെ ശാക്തീകരിക്കുന്നതിന് നാളിതുവരെ എത്ര രൂപ വകയിരുത്തിയിട്ടുണ്ടെന്നും അതിൽ എത്ര രൂപ പ്രസ്തുത സംഘങ്ങൾക്ക് പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെന്നും അറിയിക്കുമോ;

(ഡി) മത്സ്യത്തൊഴിലാളി ക്ഷേമ വികസന സഹകരണ സംഘങ്ങളുടെ ഓഡിറ്റിംഗ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## **നദികളിലെയും ഡാമുകളിലെയും മണൽ നീക്കം ചെയ്യാൻ നടപടി**

*381 **ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിലും ഡാമുകളിലും അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും ചെളിയും നീക്കം ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നദികളിലും ഡാമുകളിലും അടിഞ്ഞുകൂടിയിരിക്കുന്ന മണൽ നീക്കം ചെയ്യുന്നതിന് നിലവിൽ സംവിധാനമുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ശേഖരിക്കുന്ന മണൽ പൊതുജനങ്ങൾക്ക് വിൽക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ എന്ത് തുക സംഭരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ?

## **ജലാശയങ്ങളുടെ ആസ്തി രജിസ്റ്റർ തയ്യാറാക്കാൻ നടപടി**

*382 **ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. പ്രമോദ് നാരായൺ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ ആസ്തികളായി കണക്കാക്കിയിട്ടുള്ള ജലാശയങ്ങൾ, തോടുകൾ, പുഴകൾ, മറ്റു ജലനിർഗ്ഗമന മാർഗ്ഗങ്ങൾ എന്നിവയുടെ നീളവും വീതിയും ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിർത്തികൾ വേർതിരിക്കാത്തത് കയ്യേറ്റങ്ങൾ വർദ്ധിക്കുന്നതിനും ആയത് ഒഴിപ്പിച്ചെടുക്കുന്നതിന് തടസ്സമാകുന്നുവെന്നതും കണക്കിലെടുത്ത് ഒരു ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**ദ്രുത പ്രതികരണ സേനയുടെ വിപുലീകരണം**

*383 **ശ്രീ. വാഴൂർ സോമൻ**
**ശ്രീ പി എസ് സുപാൽ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ ഇ ചന്ദ്രശേഖരൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് എല്ലാ മാർഗങ്ങളും അവലംബിക്കേണ്ടതിന്റെ ആവശ്യകത പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) വന്യജീവികളുടെ ആക്രമണം ഉണ്ടാകുമ്പോൾ വളരെ വേഗം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കൂടുതൽ ദ്രുത പ്രതികരണ സേനയെ സജ്ജമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) വന്യജീവി ആക്രമണം നിയന്ത്രിക്കുന്നതിന് വേണ്ടി രൂപീകരിച്ചിട്ടുള്ള ദ്രുത പ്രതികരണ സേനയിൽ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ഡി) മനുഷ്യവാസ മേഖലയിൽ എത്തിപ്പെടുന്ന അവശതയുള്ളതോ പരിക്ക് പറ്റിയതോ ആയ വന്യജീവികൾക്ക് ആവശ്യമായ ചികിത്സ നൽകി അവയുടെ ആവാസ വ്യവസ്ഥയിലേക്ക് തിരികെവിടുന്നതിനുള്ള പരിശീലനം ലഭിച്ചവരെ ദ്രുത പ്രതികരണ സേനയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

**വന്യജീവി ആക്രമണം തടയാൻ അയൽസംസ്ഥാനങ്ങളുമായുള്ള ഏകോപനം**

*384 **ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സണ്ണി ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണം തടയുന്നതിനായി കർണാടകം അടക്കമുള്ള അയൽസംസ്ഥാനങ്ങളുമായി ഏകോപനം ആവശ്യമാണെന്ന് കരുതുന്നുണ്ടോ;

(ബി) അയൽസംസ്ഥാനങ്ങളുടെ വനാതിർത്തിയിൽ നിന്നും സംസ്ഥാനത്തേക്ക് കാട്ടാന തുടങ്ങിയ വന്യജീവികൾ ഇറങ്ങുന്ന അവസരത്തിൽ സംസ്ഥാന വനം വകുപ്പിനെ അറിയിക്കാനും ഏകോപനം നടത്താനുമുള്ള സംവിധാനം ഉറപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ വന്യജീവി ആക്രമണം തടയുന്നതിനായി കർണാടകം ഉൾപ്പെടെയുള്ള അയൽസംസ്ഥാനങ്ങളുമായി ഏകോപനം നടത്താൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## മത്സ്യഫെഡ് നടപ്പാക്കുന്ന പദ്ധതികൾ

*385 **ശ്രീ എം നൗഷാദ്**

**ശ്രീ വി ജോയി**

**ശ്രീമതി യു പ്രതിഭ**

**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന മേഖലയുടെ നിലനിൽപ്പിനും മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനുമായി മത്സ്യഫെഡ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുന്നതിന് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എന്തെല്ലാം തരത്തിലുള്ള വായ്പകളാണ് മത്സ്യഫെഡ് മുഖേന അനുവദിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) മത്സ്യഫെഡ് നടപ്പാക്കുന്ന പലിശരഹിത വായ്പാ പദ്ധതി വഴി നാളിതുവരെ എത്ര പേർക്ക് എത്ര രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട് എന്നതിനെ സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; എങ്കിൽ ഇവയുടെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

## കാട്ടുതീ തടയാൻ നടപടി

*386 **ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീ. ആന്റണി ജോൺ**

**ശ്രീ. കെ. ബാബു (നെന്മാറ)**

**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണത്തിനും അതിന്റെ പ്രാധാന്യം സംബന്ധിച്ച ബോധവത്ക്കരണത്തിനുമായി നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ വനമേഖലകളിൽ കാട്ടുതീ ഉണ്ടാകാനുള്ള പ്രധാന കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) കാട്ടുതീ തടയുന്നതിന് സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ വ്യക്തമാക്കുമോ;

(ഡി) കാട്ടുതീയുടെ പ്രത്യാഘാതമായി ഉണ്ടാകുന്ന വരൾച്ച, വെള്ളപ്പൊക്കം, സൂര്യാഘാതം, കാലാവസ്ഥാ വ്യതിയാനം എന്നിവ നേരിടാൻ സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## സാഫ് നടപ്പാക്കുന്ന പദ്ധതികൾ

*387 **ശ്രീ. മുരളി പെരുനെല്ലി**

**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**

**ഡോ. സുജിത് വിജയൻപിള്ള**

**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി വനിതാ ശാക്തീകരണത്തിനായി 2005-ൽ പ്രവർത്തനം ആരംഭിച്ച സാഫിന്റെ നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സുനാമി പുനരധിവാസ ഫണ്ട് ഉപയോഗിച്ച് സാഫിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ ആക്ടിവിറ്റി ഗ്രൂപ്പുകളുടെ നിലവിലെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ ആരംഭിച്ച ആക്ടിവിറ്റി ഗ്രൂപ്പുകളിൽ പ്രവർത്തനം നിലച്ചുപോയവയെ സഹായിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) സാഫ് വഴി നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

## പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്ക് ലൈബ്രറി സൗകര്യം

*388 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ഏതെല്ലാം വിഭാഗങ്ങളെ സംസ്ഥാന ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്ക് ലൈബ്രറി സൗകര്യം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) ഇന്റർനെറ്റ് സൗകര്യമുള്ള പ്രദേശങ്ങളിലെ സാമൂഹ്യ പഠനകേന്ദ്രങ്ങളിൽ ഡിജിറ്റൽ ലൈബ്രറികൾ സജ്ജീകരിക്കുമോ; വ്യക്തമാക്കുമോ?

## കടൽക്ഷോഭം നേരിടുവാൻ കുറ്റമറ്റ സംവിധാനം

*389 **ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ. എൻ. കെ. അക്ബർ**
**ശ്രീമതി കാനത്തിൽ ജമീല** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൺസൂൺ കാലത്ത് നേരിടുന്ന ദുരിതങ്ങൾക്കുപുറമെ മഴയും കടൽക്ഷോഭവുമൊക്കെ ഏതുസമയത്തും ഉണ്ടാകാമെന്ന വിധത്തിൽ കാലാവസ്ഥാ വ്യതിയാനം കൂടി നേരിടേണ്ടി വരുന്ന തീരദേശ ജനതയുടെ പ്രത്യേകിച്ചും മത്സ്യത്തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾക്ക് ശാശ്വത പരിഹാരം കാണുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) കടൽക്ഷോഭം നേരിടുവാൻ കുറ്റമറ്റ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ പുത്തൻ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പുലിമുട്ട് നിർമ്മാണവും മറ്റും കൂടുതൽ ഫലപ്രദമായി നടത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>**ജലസ്രോതസ്സുകളെ ബന്ധിപ്പിച്ച് ജലലഭ്യത ഉറപ്പാക്കാൻ നടപടി**</u>

*390 **ശ്രീമതി യു പ്രതിഭ**
**ഡോ. കെ. ടി. ജലീൽ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ തമ്മിലും, കുളങ്ങളും ജലസേചന കനാലുകൾ തമ്മിലും ബന്ധിപ്പിച്ച് ജലലഭ്യത ഉറപ്പാക്കുന്നതിനും ജലവിനിയോഗ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഭൂവിനിയോഗത്തിലെ മാറ്റവും കൃഷിയിടങ്ങളുടെ കുറവും കാരണം ജലസ്രോതസ്സുകളുടെ നഷ്ടപ്പെട്ട ശൃംഖല പുനഃസ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മഴക്കാലത്ത് തോടുകളിലൂടെ ഒഴുകി എത്തുന്ന ജലം പരമാവധി സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനത്തിന്റെ ഭാഗമായി നീരൊഴുക്ക് വേഗത നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
2024 ജൂൺ 24, തിങ്കൾ

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].